"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- തൃപ്പൂണിത്തുറ നഗരസഭ - കെ-സ്മാർട്ട് അപേക്ഷകളുമായി ബന്ധപ്പെട്ട് ഇന്റേണൽ വിജിലൻസ് നടത്തിയ പരിശോധന - നഗരസഭ സെക്രട്ടറി ശ്രീ.സുഭാഷ്. പി.കെ.-യെ അന്വേഷണ വിധേയമായി സേവനത്തിൽനിന്നും സസ്പെന്റ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.102/2026/LSGD തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:-
1. പ്രിൻസിപ്പൽ ഡയറക്ടറുടെ 23.10.2025 തീയതിയിലെ LSGD/PD/32392/2025-VIGC2 നമ്പർ കത്ത്.
2. ശ്രീ. സുഭാഷ്. പി.കെ. -യ്ക്ക് നൽകിയ 10.11.2025 തീയതിയിലെ ഇയു4/245/2025-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 02.12.2025 തീയതിയിലെ LSGD/PD/32392/2025-VIGC2 നമ്പർ കത്ത്.

**ഉത്തരവ്**

തൃപ്പൂണിത്തുറ നഗരസഭയിൽ ഇന്റേണൽ വിജിലൻസ് 15.10.2025 തീയതിയിൽ പരിശോധന നടത്തിയതിൽ, പ്രസ്തുത തീയതിവരെ നഗരസഭാ സെക്രട്ടറി ശ്രീ. സുഭാഷ്. പി. കെ 745 ഫയലുകൾ തീർപ്പാക്കാനുള്ളതായി K-smart ഡാഷ് ബോർഡിൽ കാണപ്പെട്ടതായും 367 ദിവസം വരെ കാലതാമസം വന്ന ഫയലുകൾ ലോഗിനിൽ കാണപ്പെട്ടതായും എല്ലാ ഫയലുകളും പരിശോധിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ചില ഫയലുകൾ ആകസ്മികമായി പരിശോധിച്ചതിൽ ക്രമക്കേട് കണ്ടെത്തിയതായും നഗരസഭ സെക്രട്ടറി ശ്രീ. സുഭാഷ്. പി. കെ യുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ചയും അകാരണമായ കാലതാമസവും ഉണ്ടായതായും ആയതിനാൽ ടിയാനെ സർവീസിൽ നിന്നും മാറ്റി നിർത്തുകയോ സ്ഥലം മാറ്റുകയോ ചെയ്തുകൊണ്ട് മേൽ ക്രമക്കേടുകൾക്ക് 1960-ലെ KCS (CC&A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള കഠിന ശിക്ഷ ചുമത്തി അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ പുരോഗമിക്കുന്ന സാഹചര്യത്തിലും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നഗരസഭ സെക്രട്ടറിമാരെ നിയോഗിച്ച സാഹചര്യത്തിലും പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇന്റേണൽ വിജിലൻസിന്റെ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ നഗരസഭാ സെക്രട്ടറി ശ്രീ. സുഭാഷ്. പി. കെ യ്ക്കെതിരെ 1960 ലെ KCS (CC&A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും പ്രിൻസിപ്പൽ ഡയറക്ടർ മുഖേന അയച്ച് കൊടുക്കുകയും ചെയ്തിരുന്നു.

3. അന്വേഷണ റിപ്പോർട്ടുകളും രേഖകളും പരിശോധിച്ചപ്പോൾ നഗരസഭ സെക്രട്ടറി ശ്രീ.

സുഭാഷ്. പി. കെ എന്ന ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള ക്രമക്കേടുകൾ ഗുരുതര സ്വഭാവമുള്ളതാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടെന്നും ടിയാൻ സർവീസിൽ തുടരുന്നത് നഗരസഭയുടെ സുഗമമായ പ്രവർത്തനത്തിന് തടസം സൃഷ്ടിക്കുമെന്നുള്ളതിനാൽ ടിയാനെ 1960 ലെ KCS (CC&A) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം സർവീസിൽ നിന്നും മാറ്റി നിർത്തി മേൽ ക്രമക്കേടുകൾക്ക് അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃപ്പൂണിത്തുറ നഗരസഭയിൽ 15.10.2025 തീയതിയിൽ ഇന്റേണൽ വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ ഗുരുതര സ്വഭാവമുള്ളതാണെന്നതിനാലും നഗരസഭ സെക്രട്ടറി ശ്രീ. സുഭാഷ്. പി. കെ. ടി തസ്തികയിൽ തുടരുന്നത് നഗരസഭയുടെ സുഗമമായ പ്രവർത്തനത്തിന് തടസം സൃഷ്ടിക്കുമെന്നുള്ളതിനാലും ടിയാനെ സർവീസിൽ നിന്ന് മാറ്റിനിർത്തി അന്വേഷിക്കുന്നത് ഉചിതമാകുമെന്ന് കണ്ട്, പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തൃപ്പൂണിത്തുറ നഗരസഭ സെക്രട്ടറി ശ്രീ. സുഭാഷ്. പി. കെ. യെ 1960 -ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ സേവനത്തിൽനിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. സസ്പെൻഷൻ കാലയളവിൽ ടിയാന് ചട്ടപ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീ. സുഭാഷ്. പി. കെ, തൃപ്പൂണിത്തുറ നഗസഭ സെക്രട്ടറി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം. (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/245/2025-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 13-01-2026 14:30:40
സെക്ഷൻ ഓഫീസർ